LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളികേരത്തിന് വിലയിടിവ് ഇപ്പോഴുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരകർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും കൃഷിഭവനുകളിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ച നാളികേരം സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം സംസ്ഥാനത്തെ 11 ജില്ലകളിലെ (ഇടുക്കി, വയനാട്, തിരുവനന്തപുരം ഒഴികെയുള്ള) തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ നടത്തുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ കിലോഗ്രാമിന് 25 രൂപ നിരക്കിലാണ് ഇപ്പോൾ കർഷകരിൽ നിന്നും തേങ്ങ സംഭരിക്കുന്നത്.

കയ്യാട് കൃഷി വികസനം

181 (1653) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്യാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ സ്ഥലം സന്ദർശിച്ച് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; ഇത് സംബന്ധിച്ച് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്യാട് സമഗ്ര കൃഷി വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; കയ്യാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നിവിടങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF XXI സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കയ്യാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാൻ 11-11-2015-ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഈ വിഷയത്തിലുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.